93

# ചരിത്രത്തിലെ മൂന്നു പ്രധാന ദിവസങ്ങൾ

**നായനാ ഭാഗം #41**

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച (തുടർച്ച).
- H. വെള്ളി: യേശു മരിച്ച ദിവസം (തുടർച്ച).
  - 10. യേശുവിന്റെ ശരീരം അടക്കൽ.
    - a. മരണം വീക്ഷിച്ചു (മത്താ. 27:55, 56; മർക്കൊ. 15:40, 41; ലൂക്കൊ. 23:49).
    - b. അവന്റെ മരണം ഉറപ്പിച്ചു (യോഹ. 19:31–37).
    - c. അവന്റെ ശരീരം അടക്കി (മത്താ. 27:57–60; മർക്കൊ. 15:42–46; ലൂക്കൊ. 23:50–54; യോഹ. 19:38–42).
    - d. അവന്റെ അടക്കം കണ്ടു (മത്താ. 27:61; മർക്കൊ. 15:47; ലൂക്കൊ. 23:55, 56).
- I. ശനി: യേശുവിന്റെ മരണത്തിന്റെ പിറ്റേന്ന്.
  - 1. അവന്റെ ശിഷ്യന്മാർ: ഭയപ്പെട്ടു (ലൂക്കൊ. 23:56; യോഹ. 20:19 നോക്കുക).
  - 2. അവന്റെ ശത്രുക്കൾ: ഗ്രഹിക്കാവുന്നവരായി (മത്താ. 27:62–66).

VIII. യേശുവിന്റെ ഉയിർപ്പ്, പ്രത്യക്ഷത, ആരോഹണം.
- A. ഞായർ: യേശു ഉയർത്തെഴുന്നേറ്റ ദിവസം.
  - 1. ശൂന്യമായ കല്ലറ.
    - a. സ്ത്രീകളും ശൂന്യമായ കല്ലറയും (മത്താ. 28:1–8; മർക്കൊ. 16:1–9; ലൂക്കൊ. 24:1–11; ലൂക്കൊ. 24:22–24; യോഹ. 20:1).

**മുഖവുര**

യേശുവിന്റെ മരണത്തോടുകൂടിയാണ് നമ്മുടെ കഴിഞ്ഞ പാഠം അവസാനിപ്പിച്ചത്. അവന്റെ മരണം - നമുക്ക് രക്ഷ സാധ്യമാക്കി (റോമർ 5:10) - സുവിശേഷത്തിന്റെ മുഖ്യവസ്തുതകളിൽ ഒന്നാണ് അത് (1 കൊരിന്ത്യർ 15:1, 3). മറ്റുള്ളവ, അവന്റെ *അടക്കവും* അവന്റെ *ഉയിർപ്പു*മാണ് (1 കൊരിന്ത്യർ 15:4). യേശുവിന്റെ ക്രൂശിലെ അവസാന വിശദാംശത്തോടുകൂടിയാണ് ഈ അവതരണം[1] ആരംഭിക്കുന്നത്, അവനെ പുതിയ കല്ലറയിൽ അടക്കിയതു പറഞ്ഞ് അവന്റെ ഉയിർത്തെഴുന്നേല്പിനെ കുറിച്ച് വിവരിച്ച് അവസാനിപ്പിക്കും. ഈ പഠനത്തിൽ, ക്രിസ്തു മരിച്ച വെള്ളിയാഴ്ച്ചയിലെ അവസാന മണിക്കൂറുകളും; ശനിയാഴ്ച്ച അവന്റെ ശരീരം കല്ലറയിൽ അടക്കിയതും; അവൻ ഉയിർത്തെഴുന്നേറ്റ ഞായറാഴ്ച്ചയുടെ ആദ്യഭാഗവും ഉൾപ്പെടുന്നു. ചരിത്രത്തിൽ ആ മൂന്നു ദിവസങ്ങൾ പ്രധാനപ്പെട്ട ദിവസങ്ങളായിരുന്നു.

കാരണം ആ മൂന്നു ദിവസങ്ങളിൽ സംഭവിച്ചതാണ് നമ്മുടെ പ്രത്യാശയുടെ ഹേതു.

## വെള്ളിയാഴ്ച്ചയുടെ അവസാനം: നിരാശയുടെ സമയം (മത്താ. 27:55-61; മർക്കൊ. 15:40-47; ലൂക്കൊ. 23:49-56; യോഹ. 19:31-42)

### വിശ്വസ്തരായ സ്ത്രീകൾ

"യേശുവിന്റെ ക്രൂശിങ്കൽ നിന്ന" നാലു സ്ത്രീകളെ നാം കഴിഞ്ഞ പാഠത്തിൽ കാണുകയുണ്ടായി: അവന്റെ അമ്മ; അവന്റെ അമ്മയുടെ സഹോദരി (ശലോമി ആയിരിക്കാം); ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും, മഗ്ദലക്കാരത്തി മറിയയും (യോഹന്നാൻ 19:25).[2] യേശുവിന്റെ അമ്മയെ യോഹന്നാൻ അവിടെനിന്നു കൊണ്ടുപോയപ്പോൾ (യോഹന്നാൻ 19:27), മറ്റു സ്ത്രീകൾ പുരുഷാരത്തിന്റെ അറ്റത്തേക്ക് മാറി. ഈ പാഠം ആരംഭിക്കുമ്പോൾ, നാം വായിക്കുന്നു,

> ഗലീലയിൽനിന്ന് [ഗൊൽഗോഥയിൽനിന്ന്] യേശുവിനെ ശുശ്രൂഷിച്ചുകൊണ്ടു അനുഗമിച്ചുവന്ന പല സ്ത്രീകളും ദൂരത്തുനിന്നു നോക്കിക്കൊണ്ടിരുന്നു. ഇവരിൽ മഗ്ദലക്കാരത്തി മറിയയും യാക്കൊബിന്റെയും യോസെയുടേയും അമ്മയായ [ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും സെബദിപുത്രന്മാരുടെ അമ്മയും ധശലോമി] ഉണ്ടായിരുന്നു (മത്തായി 27:55, 56; മർക്കൊസ് 15:40, 41; ലൂക്കൊസ് 23:49).

ആ വിലയേറിയ സ്ത്രീകൾ യേശുവിനെ ഗലീലയിൽനിന്നു ശുശ്രൂഷിച്ചുവന്നവർ (മർക്കൊസ് 15:41; ലൂക്കൊസ് 8:2, 3 നോക്കുക) അവനെ മരണത്തിൽ കൈവിട്ടിരുന്നില്ല. അവന്റെ ക്രൂശിൽ അവർ അവസാനത്തോളം ഉണ്ടായിരുന്നു, അവന്റെ കല്ലറയിൽ അവർ ആദ്യം എത്തിയിരുന്നു. ചുരുങ്ങിയത് രണ്ട് പേർ അവന്റെ മരണത്തിനും (മത്തായി 27:55, 56; മർക്കൊസ് 15:40, 41), അടക്കത്തിനും (മത്തായി 27:61; മർക്കൊസ് 15:47; ലൂക്കൊസ് 23:55), ഉയിർത്തെഴുന്നേല്പിനും സാക്ഷ്യം വഹിച്ചിരുന്നു (മത്തായി 28:1–10).

### സ്ഥിരതയില്ലാത്ത അദ്ധ്യക്ഷന്മാർ

യേശു മരിച്ചത് ഉച്ചകഴിഞ്ഞ് ഏതാണ്ട് 3.00 മണിക്കായിരുന്നു (മത്തായി 27:45–50 നോക്കുക) - സൂര്യാസ്തമയത്തിന് ഏതാനും മണിക്കൂറുകൾക്ക് മുൻപ്, അത് ശബ്ബത്തിന്റെ തുടക്കമായിരിക്കും. പുതിയ ദിവസം ആരംഭിക്കന്നതിനു നോക്കിയിരിക്കുകയായിരുന്നു, "അന്ന് ഒരുക്കനാളും (ആ ശബ്ബത്തുനാൾ വലിയതും) ആകകൊണ്ട്, ശബ്ബത്തിൽ ശരീരങ്ങൾ ക്രൂശിൽ ഇരിക്കരുത് എന്നുവെച്ച് അവരുടെ കാൽ ഒടിച്ച് എടുപ്പിക്കേണം എന്ന് യെഹൂദന്മാർ [യെഹൂദപ്രമാണിമാർ] പിലാത്തൊസിനോട് അപേക്ഷിച്ചു" (യോഹന്നാൻ 19:31). ഈ വാക്യം അല്പം നീണ്ടതും വിശദീകരണം ആവശ്യമുള്ളതുമാകുന്നു.

"*ഒരുക്കനാൾ.*" ശബ്ബത്തിനു തൊട്ടുമുൻപുള്ള ദിവസം (ആറാം നാൾ,

ഏതാണ്ട് നമ്മുടെ വെള്ളിയാഴ്ച്ചപോലെ) ശബ്ബത്തിനുവേണ്ടിയുള്ള ഒരുക്ക നാളായിരുന്നു (ഏഴാം നാൾ, അതായത് ഏതാണ്ട് നമ്മുടെ ശനിയാഴ്ച്ചപോലെ).

"അതുകൊണ്ട് ശബ്ബത്തിൽ *ശരീരങ്ങൾ ക്രൂശിൽ വെക്കാവുന്നതല്ല.*" ന്യായപ്രമാണം പറയുന്നു,

> "ഒരുത്തൻ മരണയോഗ്യമായ ഒരു പാപം ചെയ്തിട്ട് അവനെ കൊന്നു മരത്തിൽ തൂക്കിയാൽ അവന്റെ ശവം രാത്രി മുഴുവൻ മരതതിന്മേൽ ഇരിക്കരുത്. അന്നു തന്നെ അതു കുഴിച്ചിടേണം. തൂങ്ങി മരിച്ചവൻ ദൈവസന്നിധിയിൽ ശാപഗ്രസ്തൻ ആകുന്നു; നിന്റെ ദൈവമായ യഹോവ നിനക്ക് അവകാശമായി തരുന്ന ദേശം നീ അശുദ്ധമാക്കരുത്"(ആവർത്തനപുസ്തകം 21:22, 23; യോശുവ 8:29; 10:26, 27 നോക്കുക).

ഈ വേദഭാഗത്തിലെ "മരത്തിന്മേൽ തൂക്കുന്നവൻ" എന്നത് ഒരുപക്ഷെ ആരെയെങ്കിലും കഴുത്തിൽ, കയർകെട്ടി മരത്തിൽ തൂക്കുന്നതോ അല്ലെങ്കിൽ മരത്തിൽ ശൂലത്തിന്മേൽ നിർത്തുന്നതോ ആയിരിക്കാം, എന്നാൽ യെഹൂദന്മാർ ആരെയെങ്കിലും ക്രൂശിൽ തറെക്കുന്നത് ഈ വേദഭാഗവുമായി ചേർത്ത് ഉപയോഗിക്കാറുണ്ട് (ഗലാത്യർ 3:13). ആപ്പോൾ, ആവർത്തനപുസ്തകം 21 അനുസരിച്ച് ആ വെള്ളിയാഴ്ച്ച ഗൊൽഗോഥയിൽ മരിച്ചവരെ അന്നു സൂര്യാസ്തമയത്തിനു മുൻപ് അടക്കം ചെയ്യേണ്ടിയിരുന്നു.[3]

*"ആ ശബ്ബത്ത് ഒരു മഹാദിവസമായിരുന്നു."* മൂലഗ്രന്ഥത്തിൽ "ശബ്ബത്ത് നാൾ വലുതായിരുന്നു" എന്നാണ്. എൻഐവിയിൽ ആ വാക്ക് തർജിമ ചെയ്തിരിക്കുന്നത് "ഒരു പ്രത്യേക ശബ്ബത്ത്" എന്നാണ്. എല്ലാ ശബ്ബത്തും പ്രാധാന്യമുള്ളതാണ്, എന്നാൽ പെസഹാപെരുന്നാളിനിടയിൽ വരുന്ന ശബ്ബത്ത് പ്രത്യേകതയുള്ളതാണ്. കൂടാതെ ആ ശബ്ബത്തിനുള്ള മറ്റൊരു പ്രത്യേകത എട്ടു-ദിവസം നീണ്ടുനിൽക്കുന്ന പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കുന്നതിന്റെ ആരംഭമാണ്.[4]

*"അവരുടെ കാലുകൾ ഒടിക്കേണ്ടതിന് പിലാത്തൊസിനോട് ചോദിച്ചിരിക്കാം."* കുറ്റവാളികൾ ക്രൂശിൽ ദിവസങ്ങളോളം വേദന സഹിക്കണമെന്നാണ് റോമാക്കാർ ഇഷ്ടപ്പെടുന്നത്, എന്നാൽ ചില സാഹചര്യത്തിൽ മരണം വേഗത്തിലാക്കുവാൻ പടയാളികൾ കുറ്റവാളികളുടെ കാലുകൾ ഒടിക്കും. ക്രൂശിൽ കിടന്ന് ശക്തി ഉപയോഗിച്ചുകൊണ്ട് ശ്വാസം മേലോട്ട് എടുക്കേണ്ടിവരും,[5] കാലുകൾ ഒടിക്കുമ്പോൾ കുറ്റവാളികൾ ശ്വാസം കിട്ടാതെ മരിക്കും.

*"അങ്ങനെ അവരെ ക്രൂശിൽനിന്ന് എടുത്ത് മാറ്റുവാനും കഴിയും."* ക്രൂശിലുള്ളവരുടെ മരണം വേഗത്തിലാക്കുവാൻ മാത്രമല്ല യെഹൂദപ്രമാണിമാർ ആവശ്യപ്പെടുന്നത് ശരീരങ്ങൾ കൂടെ അവിടെനിന്നു മാറ്റുവാനും ആവശ്യപ്പെടും. മൃതശരീരങ്ങൾ തൊട്ട് അശുദ്ധമാകുവാൻ അവരുടെ വിശ്വാസം അവരെ അനുവദിച്ചിരുന്നില്ല (സംഖ്യാപുസ്തകം 19:11). കുറ്റവാളികളുടെ മൃതശരീരങ്ങൾ അടക്കുവാൻ അടയാളപ്പെടുത്താത്ത ശവക്കുഴികൾ തീർച്ചയായും റോമാക്കാർക്കുണ്ടായിരിക്കും.

ഒരിക്കൽകൂടെ, യെഹൂദപ്രമാണിമാരുടെ കപടഭക്തിയും സ്ഥിരതയില്ലായ്മയും കാണിക്കയുണ്ടായി. "ശബ്ബത്തിന്റെ കർത്താവിനെ ക്രൂശിലേറ്റുവാൻ

അവർ മടിച്ചില്ല'' (മത്തായി 12:8; മർക്കൊസ് 2:28), എന്നാൽ ഇപ്പോൾ അവർ ശബ്ബത്ത് അശുദ്ധമാകാതിരിക്കാൻ ശ്രദ്ധിക്കുന്നു.

**മനസാക്ഷിയനുസരിച്ചുള്ള പടയാളികൾ**

പിലാത്തൊസ് യെഹൂദന്മാരുടെ ആവശ്യം അംഗീകരിച്ച് കാൽവരിയിലേക്ക് കല്പന കൊടുത്തയച്ചു. "ആകയാൽ പടയാളികൾ വന്നു ഒന്നാമത്തവന്റേയും അവനോടുകൂടെ ക്രൂശിച്ച മറ്റവന്റേയും കാൽ ഒടിച്ചു'' (യോഹന്നാൻ 19:32). അതു ചെയ്തിരുന്നത് ദണ്ഡുകൊണ്ടോ അല്ലെങ്കിൽ കൊട്ടുവടികൊണ്ടോ ആയിരിക്കും. "അവർ യേശുവിന്റെ അടുക്കൽവന്നു, അവൻ മരിച്ചുപോയി എന്നു കണ്ടിട്ട് അവന്റെ കാൽ ഒടിച്ചില്ല" (യോഹന്നാൻ 19:33).

ക്രിസ്തു മരിച്ചുകഴിഞ്ഞു എന്ന് പടയാളികൾ വെറുതെ ഊഹിക്കുകയായിരുന്നില്ല. അവൻ മരിച്ചു എന്നതു ഉറപ്പാക്കുവാൻ, "ഒരുത്തൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി" (യോഹന്നാൻ 19:34). യേശുവിന്റെ തൊക്ക് പറിച്ചെടുക്കുന്ന പ്രവൃത്തിയായിരുന്നില്ല അത്. കുന്തം അവന്റെ ഒരു വശത്തുകൂടെ ആഴത്തിൽ കയ്യിട്ടു നോക്കാവുന്ന വിധത്തിൽ തുളച്ചുകയറി (യോഹന്നാൻ 20:25, 27). കുറ്റവാളികൾ ക്രൂശിൽ വെച്ചുതന്നെ മരിച്ചു എന്നു ഉറപ്പുവരുത്തി കണക്കുകൊടുക്കേണ്ടവരായതുകൊണ്ട് പടയാളികൾ കുന്തം വാരിയെല്ലുകൾക്കിടയിലുടെ ഹൃദയത്തിലെത്തുവോളം കുത്തുമായിരുന്നു.[6] "പടയാളിക്കും കാവൽക്കാരനും ജീവൻ പോകുന്ന ഉത്തരവാദിത്തമായതുകൊണ്ട്, യേശു മരിച്ചുവെന്നത് സംശയത്തിനിടകൊടുക്കാതാക്കി."[7]

യേശുവിന്റെ കാൽ ഒടിക്കാതിരുന്നത് ഒരു പഴയനിയമ പ്രവചനം നിറവേറുന്നതായിരുന്നു (യോഹന്നാൻ 19:36; സങ്കീർത്തനങ്ങൾ 34:20).[8] അതുപോലെ തന്നെയായിരുന്നു അവന്റെ വിലാപ്പുറത്തു കുത്തിയതും (യോഹന്നാൻ 19:37; സെഖര്യാവ് 12:10).

ക്രിസ്തുവിന്റെ വിലാപ്പുറത്തു കുത്തിയ ഉടനെ "വെള്ളവും രക്തവും പുറത്തു വന്നു" (യോഹന്നാൻ 19:34). ശവത്തിൽനിന്ന് രക്തസ്രവമുണ്ടാകാത്തതുകൊണ്ട്, വ്യാഖ്യാതാക്കൾ ഇതിന്റെ വിശദീകരണത്തിന് വൈദ്യശാസ്ത്രത്തെ ആശ്രയിച്ചിട്ടുണ്ട്. പുറത്തുവന്ന ആ ദ്രവപദാർത്ഥങ്ങൾ സൂചിപ്പിക്കുന്നത് യേശു മരിച്ചത് ഹൃദയം നുറുങ്ങി (പിളർന്ന്) ആണെന്നാണ് പ്രചാരത്തിലിരിക്കുന്ന മിക്ക വിശദീകരണങ്ങളും പറയുന്നത് (സങ്കീർത്തനങ്ങൾ 69:20 നോക്കുക).[9] യേശു മരിച്ചപ്പോൾ സ്വാഭാവികമായ ദ്രവീകരണം സംഭവിച്ചു തുടങ്ങിയിരുന്നു എന്ന തെറ്റായ ധാരണയാണ് അവരെ ഈ വിശദീകരണത്തിന് പ്രേരിപ്പിക്കുന്നത്. എങ്ങനെയായാലും പത്രൊസും പൗലൊസും പറഞ്ഞിരിക്കുന്നത് യേശുവിന്റെ ശരീരം ''ദ്രവത്വം കണ്ടില്ല'' എന്നാണ് (പ്രവൃത്തികൾ 2:31; 13:37 നോക്കുക).

ദൈവശ്വാസിയരല്ലാത്ത ക്രിസ്തീയ എഴുത്തുകാർ വെള്ളത്തിലും രക്തത്തിലും നിഗൂഢമായ ആലങ്കാരികത കാണുകയുണ്ടായി. "യേശുവിൽനിന്നു വന്ന" കർത്തൃമേശയുടേയും സ്നാനത്തിന്റേയും നിയമങ്ങൾ വെള്ളത്തിലും രക്തത്തിലും കാണുന്നവർ ധാരാളമുണ്ട്. ചിലർ യോഹന്നാൻ 19:34 നെ അമ്പരപ്പിക്കുന്ന 1 യോഹന്നാൻ 5:6, 8 എന്ന വേദഭാഗവുമായി ബന്ധിപ്പിക്കാറുണ്ട്.[10] എങ്ങനെയായാലും, അത്തരത്തിലുള്ള ആലങ്കാരികവ്യാഖ്യാന സൂചന ഒന്നും യോഹന്നാൻ 19:34 നൽകുന്നില്ല.

നമ്മുടെ മരണത്തിനായി യേശു മരിച്ചതിലടങ്ങിയിരിക്കുന്ന മൊത്തം മർമ്മത്തിന്റെ ഭാഗമാണ് വെള്ളവും രക്തവുന്ന് നാം സ്വീകരിക്കുന്നതാകും നല്ലത് - അത് അങ്ങനെ വിടുകയുമാണ് വേണ്ടത്. വെള്ളവും - രക്തവും വന്നത് മനുഷ്യരുടെ അനുഭവത്തിൽ നിന്നു വ്യത്യസ്തമായിരുന്നു എന്ന് യോഹന്നാൻ, തിരിച്ചറിയുകയും ആ വിവരണത്തിന്റെ സത്യാവസ്ഥ വ്യക്തിപരമായി സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു (യോഹന്നാൻ 19:35).

യോഹന്നാന്റെ വ്യക്തമായ വിവരണം ഒരു ഉദ്ദേശം നിറവേറ്റുന്നതാണ്: യേശു വാസ്തവത്തിൽ മരിച്ചു എന്ന് കാണിക്കുവാനും - അവൻ വെറുതെ ബോധം കെടുകയും ശിഷ്യന്മാർ അവനെ പിന്നീട് എടുത്തുകൊണ്ടുപോയതല്ല എന്നും ബോധ്യമാക്കുകയായിരുന്നു.[11] ഒരു വൈദ്യശാസ്ത്ര ലേഖനം ഈ വാക്കുകളാൽ അവരുടെ തീർപ്പ് പറയുന്നു:

> അവന്റെ വിലാപ്പുറത്തു കുത്തുന്നതിനു മുൻപ് തന്നെ യേശു മരിച്ചു കഴിഞ്ഞിരുന്നു എന്നാണ് ചരിത്രപരമായും വൈദ്യശാസ്ത്രപരമായും ഉള്ള തെളിവുകൾ വ്യക്തമാക്കുന്നത് .... അതനുസരിച്ച്, യേശു ക്രൂശിൽ വെച്ച് മരിച്ചിരുന്നില്ല എന്ന വസ്തുത ആധുനിക വൈദ്യശാസ്ത്രത്തിന് തെളിയിക്കാവുന്നതല്ല.[12]

## ധൈര്യശാലികളായ അനുയായികൾ

ആ മൂന്നു കുറ്റവാളികളും മരിച്ചത് സ്ഥിരീകരിച്ച ശേഷം, പടയാളികൾ ആ ശരീരങ്ങൾ ക്രൂശിൽനിന്ന് മാറ്റി ആഘോഷരഹിതമായ നീക്കത്തിനു തയ്യാറായി. ആരും അവകാശപ്പെട്ടിരുന്നില്ലെങ്കിൽ യേശുവിന്റെ ശരീരത്തിനും അങ്ങനെ സംഭവിക്കുമായിരുന്നു. എങ്ങനെയായാലും, ചിലർ ആ ശരീരം അവകാശപ്പെട്ടു വന്നു - അവന്റെ ഭവനത്തിലുള്ള ആരുമല്ല, അവന്റെ അപ്പൊസ്തലന്മാരിൽ ആരുമല്ല, എന്നാൽ "യെഹൂദന്മാരെ [പ്രമാണിമാരെ] ഭയന്ന്" രാത്രിയിൽ യേശുവിന്റെ അടുക്കൽ രഹസ്യമായി വന്ന ഒരു ശിഷ്യനായിരുന്നു (യോഹന്നാൻ 19:38). അത്ഭുതമെന്ന് പറയട്ടെ, അവൻ യേശുവിനെ ക്രൂശിൽ തറെക്കുവാൻ ഏല്പിച്ചുകൊടുത്ത ന്യായാധിപസഭയിലെ ഒരംഗമായിരുന്നു (മർക്കൊസ് 15:43; ലൂക്കൊസ് 23:50)!

"അരിമഥ്യക്കാരനായ യോസേഫ്" എന്നായിരുന്നു അവന്റെ പേർ (മർക്കൊസ് 15:43; യോഹന്നാൻ 19:38; മത്തായി 27:57). യെഹൂദ്യയിലെ ഒരു ടൗണായിരുന്ന അരിമഥ്യ (ലൂക്കൊസ് 23:51[13]), ഒരുപക്ഷെ യെരുശലേമിന്റെ വടക്ക് ശമര്യയുടെ അതിർത്തി ഗ്രാമമായിരുന്നേക്കാം.[14] യോസേഫ് "ഒരു ധനവാനായിരുന്നു" എന്നാണ് മത്തായി പറഞ്ഞിരിക്കുന്നത് (മത്തായി 27:57). അവൻ മുഖാന്തരം യെശയ്യാവ് 53:9 നിറവേറി: "അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചനയൊന്നും ഇല്ലാതെയും ഇരുന്നിട്ടും അവർ അവന്ന് ദുഷ്ടന്മാരോടുകൂടെ [രണ്ടു കള്ളന്മാർ] ശവക്കുഴി കൊടുത്തു. അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോട്കൂടെ [യോസേഫ്] ആയിരുന്നു" യോസേഫ് നല്ല സ്വഭാവമുള്ളവനും "ദൈവരാജ്യത്തിനായി കാത്തിരുന്നവനും ആയിരുന്നു" (ലൂക്കൊസ് 23:50, 51; മർക്കൊസ് 15:43). യേശു ക്രിസ്തുവാണ് അഥവാ മശിഹ ആണെന്ന് അവൻ തിരിച്ചറിയുകയും, അവൻ രാജ്യം സ്ഥാപിക്കുന്നതിനായി കാത്തിരിക്കയും ചെയ്തിരുന്നു (മത്തായി 27:57; യോഹന്നാൻ 19:38).

നിർഭാഗ്യവശാൽ, യേശുവിലുള്ള വിശ്വാസം ഏറ്റു പറയുവാനുള്ള ധൈര്യം യോസേഫിന് ഇല്ലായിരുന്നു. "ന്യായാധിപസഭയിലെ പ്രമുഖ അംഗമായിരുന്നതുകൊണ്ട്" (മർക്കൊസ് 15:43), യേശുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞാൽ തന്റെ സ്ഥാനം നഷ്ടമാകുമെന്ന് അവന് അറിയാമായിരുന്നു. യെഹൂദ സമൂഹത്തിൽനിന്ന് തന്നെ അവനെ ഛേദിച്ചുകളയുമെന്ന് അവന് അറിയാമായിരുന്നു (യോഹന്നാൻ 9:22[15]). ലൂക്കൊസ് പറയുന്നതനുസരിച്ച്, ന്യായാധിപസഭ യേശുവിനെ ശിക്ഷക്ക് വിധിച്ചപ്പോൾ, യോസേഫ് "അവരുടെ ആലോചനക്കും പ്രവൃത്തിക്കും അനുകൂലമല്ലായിരുന്നു" (ലൂക്കൊസ് 23:51)[16] - എന്നാൽ ക്രിസ്തുവിന് വേണ്ടി അവൻ പ്രതിരോധിച്ചുമില്ലെന്ന് തോന്നുന്നു.

"യേശുവിന്റെ ശരീരം ദുഷ്ടന്മാരെ അടക്കുന്ന ശവക്കുഴിയിലേക്ക്"[17] കൊണ്ടുപോകുമെന്ന് യോസേഫ് മനസിലാക്കിയപ്പോൾ, "അവൻ ധൈര്യം സംഭരിച്ച് പിലാത്തൊസിന്റെ അടുക്കലേക്ക് പോയി" (മർക്കൊസ് 15:43). എല്ലാ സാഹസത്തിനും മുതിർന്ന് അവൻ "യേശുവിന്റെ ശരീരം എടുത്തുകൊണ്ടുപോകുവാൻ അനുവാദം ചോദിച്ചു" (യോഹന്നാൻ 19:38).

യെഹൂദ കോടതിയിലെ ഒരു ന്യായാധിപൻ ആ അവകാശം ഉന്നയിച്ചതിൽ ഒരുപക്ഷെ പിലാത്തൊസ് അതിശയിച്ചുകാണും. യേശു അത്ര പെട്ടെന്ന് മരിച്ചതിനാലും അവൻ അതിശയിച്ചുകാണും (മർക്കൊസ് 15:44). യേശുവിന്റെ മരണം ശതാധിപൻ ഉറപ്പു വരുത്തിയതുകൊണ്ട്, പിലാത്തൊസ് അവന്റെ ശരീരം "യോസേഫിന് വിട്ടുകൊടുത്തു" (മർക്കൊസ് 15:44, 45; മത്തായി 27:58; യോഹന്നാൻ 19:38).

യോസേഫ് പിലാത്തൊസിൽനിന്ന് അനുവാദം വാങ്ങിയപ്പോഴേക്ക് സൂര്യാസ്തമയം (ശബ്ബത്തിന്റെ ആരംഭം) അടുത്തു വരികയായിരുന്നു (മത്തായി 27:57; മർക്കൊസ് 15:42; ലൂക്കൊസ് 23:54). യോസേഫിന് പെട്ടെന്ന് പ്രവർത്തിക്കേണ്ടി വന്നു. അവൻ "ഒരു ശീല വാങ്ങി" (മർക്കൊസ് 15:46) അപ്പോൾ ന്യായാധിപസഭയിലെ അംഗമായ വേറൊരു രഹസ്യ വിശ്വാസി, നിക്കൊദേമോസ് (യോഹന്നാൻ 7:50 നോക്കുക), മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ട് കൊണ്ടുവന്നു (യോഹന്നാൻ 19:39 നോക്കുക). നാം നിക്കൊദേമോസിനെ യേഹന്നാൻ 3:1-21; 7:50-52 ൽ കാണുകയുണ്ടായി.[18] ആ രണ്ടു പേരാണ് യേശുവിനെ അടക്കിയത് എന്ന വസ്തുത ശക്തമാണ്. "ക്രിസ്തുവിന്റെ ശിഷ്യന്മാരാകുവാൻ ഭയമില്ലാതിരുന്നവർക്ക് കർത്താവിന്റെ ശരീരം ചോദിക്കുവാൻ ഭയമായിരുന്നപ്പോൾ, അവന്റെ ശിഷ്യന്മാരാകുവാൻ ഭയപ്പെട്ടവർക്ക് കർത്താവിന്റെ ശരീരം വാങ്ങുവാൻ ഭയമില്ലായിരുന്നു എന്നത് അസാധാരണമായിരിക്കുന്നു."[19]

യേശുവിന്റെ കൈകളിൽനിന്നും കാലുകളിൽനിന്നും കാരിരുമ്പാണികൾ ഊരി[20] ശരീരം ക്രൂശിൽനിന്നിറക്കി താൻ വാങ്ങിയ ശീലയിൽ യോസേഫ് പൊതിഞ്ഞു (മത്തായി 27:59; മർക്കൊസ് 15:46; ലൂക്കൊസ് 23:53). പിന്നെ അവൻ "ശരീരം കൊണ്ടുപോയി" (യോഹന്നാൻ 19:38).

ഗൊൽഗോഥക്ക് അടുത്ത് ഒരു "തോട്ടത്തിൽ ആരെയും അടക്കിയിട്ടില്ലാത്ത ഒരു പുതിയ[21] കല്ലറയുണ്ടായിരുന്നു"[22] (യോഹന്നാൻ 19:41). "യോസേഫ് പാറയിൽ വെട്ടിച്ചിരുന്ന പുതിയ[23] കല്ലറയായിരുന്നു അത്" (മത്തായി 27:60).[24] യോസേഫിനും നിക്കൊദേമോസിനും അധികം സമയം ഇല്ലാതിരുന്നതുകൊണ്ടും, "കല്ലറ അടുത്തായിരുന്നതുകൊണ്ടും"

(യോഹന്നാൻ 19:42), യേശുവിന്റെ ശരീരം അവിടേക്ക് കൊണ്ടുപോകുവാൻ അവർ തീരുമാനിച്ചു.[25] ശരീരം ആ കല്ലറയിലേക്ക് കൊണ്ടുപോകുമ്പോൾ, ക്രൂശിനരികിൽ നിന്ന രണ്ട് സ്ത്രീകൾ അവരെ അനുഗമിക്കയുണ്ടായി (ലൂക്കൊസ് 23:55; മത്തായി 27:61).

ന്യായാധിപസഭയിലെ അംഗങ്ങൾ യേശുവിന്റെ ശരീരം കല്ലറയിൽ വെച്ചു (മത്തായി 27:60; മർക്കൊസ് 15:46; ലൂക്കൊസ് 23:53; യോഹന്നാൻ 19:42) ചടങ്ങുകൾക്കുള്ള ഒരുക്കങ്ങൾ തയ്യാറാക്കുവാൻ തുടങ്ങി.അവർ അങ്ങനെ ചെയ്തപ്പോൾ, "യെഹൂദന്മാരുടെ പതിവനുസരിച്ച്" (യോഹന്നാൻ 19:40); ശരീരത്തിൽനിന്ന് ആന്തരികാവയവങ്ങൾ നീക്കം ചെയ്തില്ല,മറ്റു ആചാരങ്ങളിൽ അതുണ്ട് (ഉദാഹരണത്തിന് മിസ്രയിമിൽ).

യെഹൂദന്മാരുടെ ആചാരമനുസരിച്ച്, അവർ ആദ്യം ശരീരം കുളിപ്പിച്ച്, രക്തം കട്ട പിടിച്ചതും, ഉമിനീരും, മണ്ണും, വച്ചുകെട്ടലും നീക്കം ചെയ്യും. പിന്നെ ''സുഗന്ധവർഗത്തോടെ ശീലകൊണ്ട് ശരീരം പൊതിയും'' (യോഹന്നാൻ 19:40). മുഖം ഒഴിച്ച് ശരീരം മുഴുവൻ മൂടത്തക്കവണ്ണം തുണ്ടു[26] ശീലകൾ കൊണ്ടു ചുറ്റും (യോഹന്നാൻ 11:44 നോക്കുക). അതിനു ചുറ്റും സുഗന്ധവർഗം പൂശും. അതിനു മുകളിൽ വേറൊരു നിര തുണി ചുറ്റും, പിന്നെ സുഗന്ധവർഗ്ഗം അങ്ങനെ പോകും അത്. നിക്കൊദേമോസ് ഏകദേശം എഴുപതു മുതൽ എഴുപത്തി-അഞ്ചു വരെ റാത്തൽ മൂറും അകിലും കൂട്ടി പൊടിച്ച് സുഗന്ധവർഗ്ഗം പൂശുന്നതിന് കൊണ്ടുവന്നു (യോഹന്നാൻ 19:39).[27]

ആ രണ്ട് പുരുഷന്മാർ പെട്ടെന്ന് യേശുവിന്റെ ശരീരത്തിൽ ഇതെല്ലാം ചെയ്തതുകൊണ്ട് അവർ ആചാരപരമായി അശുദ്ധരായി തീർന്നിരുന്നു (സംഖ്യാപുസ്തകം 19:11). ഇത് തുടർന്നുള്ള പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കുന്നതിൽനിന്ന് അവരെ അയോഗ്യരാക്കിയിരിക്കും, എന്നാൽ തീർച്ചയായും അവർ അതൊന്നും കാര്യമാക്കിയിരിക്കയില്ല.

യോസേഫും നിക്കൊദേമോസും തങ്ങൾക്ക് ചെയ്യുവാൻ കഴിയുന്നത് ഏറ്റവും നന്നായി ചെയ്തിട്ട്, അവർ ഒരു ചെറിയ റൂമാൽ കൊണ്ട് യേശുവിന്റെ ശരീരം മൂടി (യോഹന്നാൻ 20:7; 11:44). പിന്നെ, യോസേഫ് "ഒരു വലിയ കല്ല്[28] ഉരുട്ടി" - "വളരെ വലിയ കല്ല്" "കല്ലറയുടെ വാതിൽക്കൽ വെച്ചിട്ടു പോയി" (മത്തായി 27:60; മർക്കൊസ് 16:4).[29]

### തൃപ്തിപ്പെടാതിരുന്ന സ്ത്രീകൾ

ഒരുപക്ഷെ പുരുഷന്മാരുടെ സദസിനെ കുറിച്ച് അവർ കാര്യമാക്കികാണുകയില്ലായിരിക്കാം. അവർ "കല്ലറെക്ക് എതിരെ ഇരുന്നു'' ആ രണ്ടു സ്ത്രീകൾ ഗൊൽഗോഥയിൽ നിന്നു അടുത്തുള്ള ആ കുന്നുവരെ അനുഗമിച്ചിരുന്നു: മഗ്ദലക്കാരത്തി മറിയയും യാക്കൊബിന്റേയും യോസെയുടേയും അമ്മ മറിയയും (മത്തായി 27:61; മർക്കൊസ് 15:40, 47).[30] യോസേഫും നിക്കൊദേമോസും യേശുവിനെ അടക്കുന്നത് അവർ നോക്കിക്കൊണ്ടിരുന്നു (ലൂക്കൊസ് 23:55), എന്നാൽ വ്യക്തമായും അവർക്ക് അതു തൃപ്തിയായിരുന്നില്ല. അവർ തോട്ടത്തിൽ നിന്നിറങ്ങി യെരുശലേമിൽ അവർ താമസിച്ചിരുന്ന സ്ഥലത്തേക്ക് മടങ്ങി, "സുഗന്ധവർഗവും പരിമളതൈലവും ഒരുക്കി" (ലൂക്കൊസ് 23:56), ശബ്ബത്തിനു ശേഷം യേശുവിന്റെ ശരീരത്തെ സുഗന്ധവർഗത്താലും പരിമളതൈലത്താലും അഭിഷേകം ചെയ്യുവാൻ അവർ തീരു

മാനിച്ചു (ലൂക്കൊസ് 23:56; മർക്കൊസ് 16:1 നോക്കുക).

## ശനി: നൈരാശ്യ സമയം
## (മത്താ. 27:62-66; ലൂക്കൊ. 23:56; യോഹ. 20:19)

### നിഷ്ക്രിയ സ്നേഹിതന്മാർ

ശബ്ബത്തിൽ സ്ത്രീകൾ ‘‘കല്പനയനുസരിച്ച് സ്വസ്ഥമായിരുന്നു’’ (ലൂക്കൊസ് 23:56). ക്രിസ്തുവിന്റെ ശിഷ്യന്മാർ മൊത്തത്തിൽ, നിരാശരായി ‘‘ദുഃഖിച്ചും കരഞ്ഞും’’ (മർക്കൊസ് 16:10), ‘‘യെഹൂദന്മാരെ ഭയന്ന്’’ (യോഹന്നാൻ 20:19; എൻഐവി നോക്കുക) പുറം വാതിലിൽകൂടെ പുറത്തേക്ക് നോക്കിയിരിക്കയും ചെയ്തിരിക്കാം. “യോസേഫിന്റെ കല്ലറയിൽ യേശുവിന്റെ ശരീരം അടക്കിയതോടെ’’[31] അവരുടെ പ്രത്യാശയും പൊയ്പ്പോയി. “അവരുടേത് ഇരട്ട ദുഃഖമായിരുന്നു. തങ്ങൾ സ്നേഹിച്ച തങ്ങളുടെ ഏറ്റവും നല്ല സ്നേഹിതനെ തള്ളിക്കളഞ്ഞു മരണത്തിന് ഏല്പിച്ചു, അതിലുപരിയായി, അതിനാൽ അവർ സംഭ്രമിക്കപ്പെടുകയും അവരുടെ വിശ്വാസത്തിന് മങ്ങലേൽക്കുകയും ചെയ്തിരിക്കുന്നു,”[32] യേശു മുന്നറിയിച്ചതുപോലെ, അവർ ഇടയനില്ലാത്ത ആടുകളെപോലെ ആയി (മത്തായി 26:31; മർക്കൊസ് 14:27).

### സജീവമായ ശത്രുക്കൾ

യേശുവിന്റെ ശിഷ്യന്മാർ ഒരുപക്ഷെ ശബ്ബത്തിൽ ഒന്നും ചെയ്യാതെ ഇരുന്നുകാണും, പക്ഷെ അവന്റെ ശത്രുക്കൾ അടങ്ങിയിരുന്നില്ല. “ഒരുക്കനാളിന്റെ പിറ്റേ ദിവസം മഹാപുരോഹിതന്മാരും പരീശന്മാരും പിലാത്തൊസിന്റെ അടുക്കൽ ഒന്നിച്ചുകൂടി” (മത്തായി 27:62).[33] ആ മീറ്റിങ്ങ് ഒരുപക്ഷെ സൂര്യാസ്തമയശേഷം, ശബ്ബത്ത് തുടങ്ങിയപ്പോഴായിരിക്കാം നടന്നത്. യേശുവിനെ അടക്കിയ കല്ലറ ഒരു രാത്രി പോലും കാക്കാതിരിക്കാൻ ന്യായാധിപസംഘത്തിനു കഴിയുമായിരുന്നില്ല.

യെഹൂദപ്രമാണിമാർ പിലാത്തൊസിനോട്, “യജമാനനേ ആ ചതിയൻ ജീവനോടെ ഇരുന്നപ്പോൾ, മൂന്നു നാൾ കഴിഞ്ഞിട്ടു ഞാൻ ഉയർത്തെഴുന്നേല്ക്കും എന്നു പറഞ്ഞിരുന്നു” (മത്തായി 27:63). അവരുടെ പ്രസ്താവന ശ്രദ്ധേയമായിരുന്നു. താൻ മരിച്ചവരിൽനിന്ന് മൂന്നാം നാൾ ഉയർത്തെഴുന്നേല്ക്കുമെന്ന് യേശു തന്റെ ശിഷ്യന്മാരോട് *വ്യക്തമായി* പറഞ്ഞിരുന്നു (മത്തായി 16:21; 17:22, 23; ലൂക്കൊസ് 18:31–33) – എന്നാൽ അവർക്ക് അത് മനസിലായിരുന്നില്ല (മർക്കൊസ് 9:9, 10). നേരെ മറിച്ച്, അവൻ പൊതുജനങ്ങളോട് (തന്റെ ശത്രുക്കളോടും അല്പം) *മറയായിട്ടത്രേ* ഉയർത്തെഴുന്നേല്പിനെ കുറിച്ച് (മത്തായി 12:39, 40; 16:4; യോഹന്നാൻ 2:19–21; 10:17, 18) – സംസാരിച്ചത്, പക്ഷെ യെഹൂദ പ്രമാണിമാർക്ക് കാര്യം മനസിലായി![34] അവർ വാസ്തവത്തിൽ യേശുവിനെ വിശ്വസിച്ചില്ലെങ്കിലും ‘‘മൂന്നാം നാൾ’’ “ഉയർത്തെഴുന്നേല്ക്കും” എന്നു പറഞ്ഞത് അവർക്ക് മനസിലായി.

അവർ അതുകൊണ്ട് നാടുവാഴിയോട് ഈ ആവശ്യം ഉന്നയിച്ചു: “അവന്റെ ശിഷ്യന്മാർ ചെന്ന് അവനെ മോഷ്ടിച്ചിട്ട്, അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് ജനത്തോട് പറകയും ഒടുവിലത്തെ ചതിവ് മുമ്പിലത്തേതിലും വിഷമമായി തീരുകയും ചെയ്യാതിരിക്കേണ്ടതിന്ന്

മൂന്നാം നാൾ വരെ കല്ലറ ഉറപ്പാക്കുവാൻ കല്പി [ക്ക] എന്നു പറഞ്ഞു" (മത്തായി 27:64). തങ്ങൾക്ക് അനുകൂലമായി ചതിവ് ചെയ്യുവാൻ മടിക്കാത്തവരായിരുന്നു ന്യായാധിപസഭയിലെ അംഗങ്ങൾ (മത്തായി 26:59), അവസരം ലഭിച്ചാൽ യേശുവിന്റെ ശിഷ്യന്മാരും അതുപോലെ ചെയ്യുമെന്നാണ് അവർ ധരിച്ചത്. (നാം വിചാരിക്കുന്നതുപോലെ മറ്റുള്ളവരും വിചാരിക്കുമെന്നാണ് നമ്മിൽ മിക്കപേരും കരുതുന്നത്.)

പിലാത്തൊസ് പ്രതികരിച്ചു, "കാവൽകൂട്ടമുണ്ടല്ലൊ" (മത്തായി 27:65). "നിങ്ങൾക്ക് ദൈവാലയത്തിൽ കാവൽക്കാർ ഉണ്ടല്ലോ" എന്നാണ് പിലാത്തൊസ് പറഞ്ഞതെന്നാണ് ചിലർ പറയുന്നത്. എങ്ങനെയായാലും, പിന്നീടുള്ള സംസാരം വ്യക്തമാക്കുന്നത് ആവശ്യത്തിന് റോമൻ കാവൽക്കാരെ തന്നു സഹായിക്കാം എന്നാണ് അവൻ സൂചിപ്പിച്ചത്.[36] അങ്ങനെ ചെയ്തുകൊണ്ട് അവൻ അവരോട് പറഞ്ഞു, "[പോ]യി നിങ്ങളാലാവോളം [കല്ലറ] ഉറപ്പു വരുത്തുവിൻ" (മത്തായി 27:65).

പുരോഹിതന്മാർ "പോയി കല്ലിന്നു മുദ്ര വെച്ചുകാവൽക്കൂട്ടത്തെ നിറുത്തി കല്ലറ ഉറപ്പാക്കി" (മത്തായി 27:66) - അതായത്, അവരാലാകുവോളം കല്ലറ ഉറപ്പാക്കി എന്നർത്ഥം. ആദ്യം, യേശുവിന്റെ ശരീരം വാസ്തവത്തിൽ കല്ലറയിൽ തന്നെ ഉണ്ടോ എന്ന് സ്ഥിരീകരിച്ചു.[37] പിന്നെ അവർ വീണ്ടും കല്ല് ഉരുട്ടി കല്ലറ വാതിൽക്കൽ വെച്ച് "മുദ്രവെച്ചു" (മത്തായി 27:66). മെഴുകുകൊണ്ടോ അരക്ക് കൊണ്ടോ ആയിരിക്കാം മുദ്ര വെക്കുന്നത് അല്ലെങ്കിൽ കല്ലിനു ചുറ്റും കയർ വലിച്ച് കെട്ടിയിട്ടാകാം മുദ്ര വെക്കുന്നത്. കല്ലറക്ക് ഹാനി വരുത്താതിരിക്കേണ്ടതിനാണ് മുദ്ര വെക്കുന്നത്; അതു ലംഘിച്ചാൽ പിന്നെ മരണശിക്ഷയാണ് ഉള്ളത്.[38] അവസാനം റോമാ പടയാളികൾ കല്ലറക്ക് ചുറ്റും കാവൽ നിന്നു (മത്തായി 27:66).[39] പ്രമാണിമാർ അതു കണ്ട് തൃപ്തിയോടെ പോകുവാനും മൂന്നാം നാൾ, അവന്റെ മൃതശരീരം കാണിച്ച് ഹ്രസ്വ-കാലത്തേക്ക് ഉണ്ടായ ക്രിസ്തു-പ്രസ്ഥാനം ഇല്ലാതായി എന്ന് പറയുവാനും കഴിയും എന്ന് വിചാരിച്ചു കാണും.

## ഞായറാഴ്ച്ചയുടെ ആദ്യഭാഗം: അവിശ്വാസ സമയം
## (മത്താ. 28:1-8; മർക്കൊ. 16:1-9; ലൂക്കൊ. 24:1-11)

ശബ്ബത്ത് അവസാനിച്ചത് ഒരു നെടുവീർപ്പോടെയാണ്. ഒരു ഗാനത്തോടെയാണ് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ആരംഭിച്ചത്. എങ്ങനെയായാലും നിരാശയിൽനിന്ന് സന്തോഷത്തിലേക്ക് ശിഷ്യന്മാർ എത്തുവാൻ കുറച്ചു സമയമെടുത്തു. അവൻ വാസ്തവത്തിൽ മരിച്ചവരിൽ നിന്നുയർത്തെഴുന്നേറ്റു എന്ന വസ്തുത അംഗീകരിക്കുവാൻ ശിഷ്യന്മാർക്ക് പ്രയാസം നേരിട്ടു.

### അത്ഭുതം

"ഉയർത്തെഴുന്നേൽപ് - ഏറ്റവും വലിയ അത്ഭുതമായി സുവിശേഷ എഴുത്തുകാരാരും വിവരിച്ചിട്ടില്ല .... ഏറ്റവും വിശുദ്ധമായ ആ രംഗത്ത് വെച്ച് തിരശീലയിടുകയാണ്."[40] "യേശു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ഉയർത്തെഴുന്നേറ്റു എന്നു മാത്രമാണ് നാം വായിക്കുന്നത്" (മർക്കൊസ് 16:9).[41] സൂര്യോദയത്തിനുമുൻപ് ഉയർത്തെഴുന്നേൽപ് സംഭവിച്ചതായിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത് (യോഹന്നാൻ 20:1). ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ആരംഭിക്കുന്നതിനും (സൂര്യാസ്തമയം) അടുത്ത പ്രഭാതത്തിൽ സൂര്യോ

ദയത്തിനും ഇടക്ക് ക്രിസ്തു ഉയർത്തെഴുന്നേറ്റു.[42]

യേശു മരിച്ചപ്പോൾ, അവൻ പാതാളലോകത്തേക്കാണ് പോയത് (ലൂക്കൊസ് 23:43;[43] പ്രവൃത്തികൾ 2:27, 31), അവന്റെ ശരീരം കല്ലറയിലാണ് അടക്കിയത്. രാത്രിയിൽ ഒരു സമയത്ത്, അവന്റെ ശരീരം രൂപാന്തരപ്പെടുകയും[44] ആത്മാവ് അവനിലേക്ക് മടങ്ങി വരികയും ചെയ്തു. "ആ ആത്മാവ് പൂർണ്ണാശ്രയത്തോടെ വെള്ളിയാഴ്ച്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് പിതാവിൽ സമർപ്പിച്ചിരുന്നതു ശരീരത്തിൽ പുനപ്രവേശിക്കുകയും അവന്റെ മരിച്ച ശരീരത്തെ ജീവിപ്പിക്കയും ചെയ്തു."[45] അവൻ "മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റു" (പ്രവൃത്തികൾ 10:41).[46] കല്ലറയിൽ വെക്കുവാൻ ചുറ്റിയിരുന്ന ശീലകൾ അവിടെ വിട്ടിട്ട്[47] – "വീണ്ടും ഒരിക്കലും മരിക്കാതിരിക്കേണ്ടതിന് എഴുന്നേറ്റു വന്നു" (റോമർ 6:9). അപ്രമേയമായതിനെ വിവരിക്കുവാൻ പീറ്റർ മാർഷൽ പദ്യാത്മക ഭാവന ഉപയോഗിച്ചിട്ടുണ്ട്:

> ... പെട്ടെന്ന് സൂര്യാസ്തമയത്തിനും പ്രഭാതത്തിനും
> ഇടക്കുള്ള സമയത്ത്,
> അരിമഥ്യക്കാരനായ യോസേഫിന്റെ പുതിയ കല്ലറയിൽ
> അദൃശ്യശക്തികളുടെ സംഭ്രമിപ്പിക്കുന്ന ചലനം ... .
> തോട്ടത്തിനുള്ളിൽ ദൈവം ചലിക്കുന്ന മർമ്മര ശബ്ദം.
> കല്ലുകൊണ്ടുള്ള തണുത്ത സ്ലാബിൽ അവർ കൊണ്ടുവെച്ച
> ശരീരത്തിലേക്ക് അളവറ്റ ശക്തമായ ജീവൻ തിരികെവന്നു;
> മരിച്ച മനുഷ്യൻ എഴുന്നേറ്റു വന്നതു
> കല്ലറ-തുണികളെ വിട്ടിട്ടാണ്,
> കല്ലറക്കളങ്ങളെ ചവിട്ടിക്കയറി വന്നു,
> മുറിവേറ്റ കാലുകളിലൂന്നി
> ഒരു നിമിഷം നില്ക്കുകയും.
> മഞ്ഞുള്ള തോട്ടത്തിലുടെ അവൻ എന്നേക്കും
> ജീവിക്കേണ്ടതിന്നടന്നു വന്നു.[48]

**ദൂതൻ**

ഉയർത്തെഴുന്നേല്പിനു ശേഷം, രാത്രി ആയിരിക്കുമ്പോൾ തന്നെ (മത്തായി 28:1; യോഹന്നാൻ 20:1), "പെട്ടെന്ന് വലിയ ഒരു ഭൂകമ്പം ... ഉണ്ടായി" "കർത്താവിന്റെ ദൂതൻ സ്വർഗത്തിൽനിന്ന് ഇറങ്ങി വന്നു കല്ല് ഉരുട്ടി നീക്കി അതിന്മേൽ ഇരുന്നിരുന്നു" (മത്തായി 28:2). യേശുവിന് കല്ലറയിൽനിന്ന് പുറത്തുകടക്കുവാനായിരുന്നില്ല ദൂതൻ കല്ല് ഉരുട്ടി മാറ്റിയത്[49] – ക്രിസ്തു പോയി കഴിഞ്ഞിരുന്നു – കല്ലറ ശൂന്യമാണെന്ന് മറ്റുള്ളവർക്ക് കയറി കാണേണ്ടതിനായിരുന്നു. മറ്റാരും കല്ലറ അടക്കാതിരിക്കേണ്ടതിനായിരുന്നേക്കാം ദൂതൻ അതിന്മേൽ ഇരുന്നത്.

ദൂതന്റെ "രൂപം മിന്നലിനൊത്തതും അവന്റെ ഉടുപ്പ് ഹിമം പോലെ വെളുത്തതും ആയിരുന്നു" (മത്തായി 28:3). കാവൽക്കാർ അവനെ കണ്ട്, "പേടിച്ചു ... വിറച്ചു മരിച്ചവരെ പോലെ ആയി" (മത്തായി 28:4). അവർ ഭയം നിമിത്തം വീണുപോയി. അവർക്ക് സുബോധം വന്നപ്പോൾ, ഒരുപക്ഷെ അവർ ആ സ്വർഗീയ സന്ദർശകനിൽ നിന്നു തോട്ടത്തിൽ മാറി നിന്നു കാണും. എങ്ങനെയായാലും, ശൂന്യമായ കല്ലറ കാക്കേണ്ട കാര്യമില്ലല്ലൊ![50]

**സന്ദേശം**

സന്ദർശകർക്കായി ശൂന്യമായ കല്ലറ ഒരുങ്ങി. പിന്നീട് സംഭവിച്ച കാര്യങ്ങളുടെ ക്രമം കൃത്യമായി നമുക്ക് അറിയില്ല; ഈ പാഠവും അടുത്തതുമാണ് ആ കാര്യങ്ങൾ ക്രമീകരിക്കുവാനുള്ള ഒരു വഴി. സംഭവങ്ങളുടെ കൃത്യമായ ക്രമത്തിന് വലിയ പ്രാധാന്യമില്ല. യേശു മരിച്ചവരിൽനിന്ന് ഉയർത്തെഴു*ന്നേറ്റതിനും* - നൂറുകണക്കിന് ആളുകൾക്ക് പ്രത്യക്ഷമായതിനുമാണ് പ്രാധാന്യമുള്ളത്.

"ശബ്ബത്ത്[51] കഴിഞ്ഞ് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ മഗ്ദലക്കാരത്തി മറിയയും യോസെയുടേയും യാക്കോബിന്റെയും അമ്മ മറിയയും - രണ്ടുപേരും യോസേഫിന്റേയും നിക്കൊദേമോസിന്റെയും അടക്കുന്ന പ്രവൃത്തികൾ നോക്കിക്കൊണ്ടിരുന്നവർ - കല്ലറ കാൺമാൻ ചെന്നു" (മത്തായി 28:1). അവരോടൊപ്പം ശലോമിയും, യോഹന്നയും,[52] മറ്റും സ്ത്രീകളും ഉണ്ടായിരുന്നേക്കാം. യേശുവിന്റെ ശരീരം അഭിഷേകം ചെയ്യുന്നത് പൂർത്തിയാക്കുവാൻ സുഗന്ധവർഗവുമായാണ് പോയത് (മർക്കൊസ് 16:1; ലൂക്കൊസ് 24:10).[53]

അവർ തോട്ടത്തിനടുത്തപ്പോൾ, "കല്ലറ വാതിൽക്കൽ നിന്ന് ആർ നമുക്ക് വേണ്ടി കല്ലു നീക്കും?" എന്നതായിരുന്നു അവരുടെ സംശയം (മർക്കൊസ് 16:3). ആവശ്യമില്ലാതെയാണ് അവർ വിചാരപ്പെട്ടത്. കാരണം അവർ കല്ലറക്കൽ എത്തിയപ്പോൾ, "കല്ലറയിൽനിന്ന് കല്ല് ഉരുട്ടിക്കളഞ്ഞതായി കണ്ടു" (ലൂക്കൊസ് 24:2). അവർ കല്ലറക്കകത്ത് കടന്നപ്പോൾ, യേശുവിന്റെ ശരീരം അവിടെ ഇല്ലാതിരുന്നതുകൊണ്ട് അവർ ആശ്ചര്യപ്പെട്ടു (ലൂക്കൊസ് 24:3, 4).[54]

പിന്നെ, അപ്രതീക്ഷിതമായി, "മിന്നുന്ന വസ്ത്രം ധരിച്ച ... രണ്ടുപേർ അവിടെ നില്ക്കുന്നതു കണ്ടു" (ലൂക്കൊസ് 24:4).[55] ആ സ്ത്രീകൾ അവരെ കണ്ടപ്പോൾ "ഭയപ്പെട്ടു മുഖം കുനിച്ചു നിന്നു" (ലൂക്കൊസ് 24:5; എൻഎൽടി). "രണ്ടുപേരിൽ" ഒരാൾ കല്ലറയിൽനിന്ന് കല്ല് ഉരുട്ടി നീക്കിയ ദൂതൻ ആയിരുന്നു (മത്തായി 28:2, 5). അവൻ അവരോട് പറഞ്ഞു,

> ഭയപ്പെടേണ്ട ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു (മത്തായി 28:5).
>
> ജീവനുള്ളവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്ത്? (ലൂക്കൊസ് 24:5).
>
> അവൻ ഇവിടെ ഇല്ല, താൻ പറഞ്ഞതുപോലെ അവൻ ഉയർത്തെഴുന്നേറ്റു (മത്തായി 28:6).
>
> ... മുമ്പെ ഗലീലയിൽ ഇരിക്കുമ്പോൾ തന്നെ അവൻ നിങ്ങളോട് മനുഷ്യപുത്രനെ പാപികളായ മനുഷ്യരുടെ കയ്യിൽ ഏല്പിച്ചു ക്രൂശിക്കയും അവൻ മൂന്നാം നാൾ ഉയർത്തെഴുന്നേല്ക്കയും വേണം എന്നു പറഞ്ഞതു ഓർത്തുകൊൾവിൻ എന്നു പറഞ്ഞു (ലൂക്കൊസ് 24:6, 7).
>
> അവൻ കിടന്ന സ്ഥലം വന്നു കാൺമിൻ, അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർത്തെഴുന്നേറ്റു എന്ന് വേഗം ചെന്ന് അവന്റെ ശിഷ്യന്മാ

രോടും [പത്രോസിനോടും] പറവിൻ. അവൻ നിങ്ങൾക്ക് മുമ്പെ ഗലീലക്കു പോകുന്നു,[57] അവിടെ നിങ്ങൾ അവനെ കാണും. ഞാൻ നിങ്ങളോട് പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 28:6, 7; മർക്കൊസ് 16:7 നോക്കുക).

അപ്പോൾ ആ സ്ത്രീകൾ യേശു പറഞ്ഞതു ഓർത്തു (ലൂക്കൊസ് 24:8), "അവർ ഭയത്തോടും മഹാ സന്തോഷത്തോടും കൂടി കല്ലറ വിട്ടു അവന്റെ ശിഷ്യന്മാരോട് അറിയിപ്പാൻ ഓടിപ്പോയി" (മത്തായി 28:8).[58] വഴിയിൽ വെച്ച് "അവർ ആരോടും ഒന്നും മിണ്ടിയില്ല" (മർക്കൊസ് 16:8),[59] എന്നാൽ അപ്പൊസ്തലന്മാർ താമസിച്ചിരുന്ന സ്ഥലത്ത് എത്തിയപ്പോൾ "അവർ ഈ കാര്യങ്ങളെല്ലാം പതിനോരുവരോടും,[60] ശേഷം പേരോടും പറഞ്ഞു" (ലൂക്കൊസ് 24:9; വാക്യങ്ങൾ 22, 23 നോക്കുക).

സ്വർഗീയ സന്ദേശകരുടെ ശബ്ദവും പ്രത്യാശാ സന്ദേശവും അറിയിച്ചപ്പോൾ ആ സ്ത്രീകളുടെ ശബ്ദത്തിലുണ്ടായിരുന്ന ആവേശം നമുക്ക് ഊഹിക്കുവാൻ പ്രയാസമാണ്. ഖേദമെന്ന് പറയട്ടെ, അവരുടെ വാക്കുകൾ, "അപ്പൊസ്തലന്മാർക്ക് വിഡ്ഢിത്തമായി തോന്നിയതുകൊണ്ട്, അവർ വിശ്വസിച്ചില്ല" (ലൂക്കൊസ് 24:10, 11).[61] അവരെ ബോധ്യപ്പോടുത്തുവാൻ കൂടുതൽ തെളിവുകൾ ആവശ്യമായിരുന്നു, അധികം താമസിക്കാതെ അതു ലഭിക്കുകയും ചെയ്തു.

**ഉപസംഹാരം**

സ്ത്രീകൾ പറഞ്ഞ വിവരം അപ്പൊസ്തലന്മാർ "വിശ്വസിച്ചില്ല." യേശു മരിച്ച സമയത്ത് അവൻ ഉയർത്തെഴുന്നേല്ക്കുമെന്ന് *ആരും* വിശ്വസിച്ചിരുന്നില്ല. അടച്ച മുറിയിലിരുന്ന അവന്റെ ശിഷ്യന്മാരും അതു വിശ്വസിച്ചിരുന്നില്ല. അവന്റെ ശരീരത്തെ അഭിഷേകം ചെയ്യുവാൻ വന്ന സ്ത്രീകൾ അതു വിശ്വസിച്ചിരുന്നില്ല. തീർച്ചയായും അവന്റെ ശത്രുക്കൾ അതു വിശ്വസിച്ചിരുന്നില്ല. എച്ച്. ഐ. ഹെസ്റ്റർ എഴുതി, "താൻ ഇപ്പോഴും ജീവിക്കുന്നു എന്നു തെളിയിക്കുക എന്നതായിരുന്നു ഉയർത്തെഴുന്നേറ്റ കർത്താവിന്റെ മുഖ്യമായ ജോലി."[62] ആ പ്രവൃത്തി അവൻ എങ്ങനെ നിറവേറ്റി എന്ന് ഈ പാഠത്തിന്റെ രണ്ടാം ഭാഗത്തിൽ നമുക്ക് കാണാം.

---

കുറിപ്പുകൾ

[1]രണ്ടു-ഭാഗങ്ങളുള്ള പാഠത്തിന്റെ ആദ്യഭാഗമാണിത്. സമയം ഒരു ഘടകമാണെങ്കിൽ ഈ പാഠവും അടുത്തതും ഒന്നായി അവതരിപ്പിക്കാം. [2]ഈ പുസ്തകത്തിലെ "റോമൻ കുരിശിൽ ആറു മണിക്കൂർ" എന്നതിലും "ക്രൂശിങ്കൽ നിന്ന സ്ത്രീകൾ" എന്ന പാഠത്തിലുമുള്ള ചർച്ചകൾ നോക്കുക. [3]മൃതശരീരങ്ങളെ ശബ്ബത്തിൽ ക്രൂശിൽ തന്നെ നിർത്തുന്നത് ശബ്ബത്തിനെ അശുദ്ധമാക്കുമെന്ന ദൈവശ്വാസിയമല്ലാത്ത നിയമം/പാരമ്പര്യം യെഹൂദന്മാർക്കുണ്ടായിരുന്നു എന്ന് മിക്ക എഴുത്തുകാരും വിശ്വസിക്കുന്നു. [4]മുൻപ് ശ്രദ്ധിച്ചതുപോലെ, പുളിപ്പില്ലാത്ത അപ്പത്തിന്റെ ഏഴു-ദിവസ പെരുന്നാളിനു ശേഷം ഒറ്റ-ദിവസത്തെ പെരുന്നാളുമുണ്ടായിരുന്നു. പുതിയനിയമ കാലത്ത്, രണ്ടിനെയും ചേർത്ത്, പെസഹ അല്ലെങ്കിൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ എന്ന് വിളിച്ചിരുന്നു. "മഹാ

ദിവസം" എന്ന പ്രയോഗത്തെ കുറിച്ച് കൂടുതൽ അറിയുവാൻ, "ഏതു ദിവസമാണ് യേശു മരിച്ചത്?" എന്ന പാഠം നോക്കുക. [5]"റോമൻ ക്രൂശിലെ ആറു മണിക്കൂർ" എന്ന പാഠത്തിലെ ക്രൂശിൽ തറെക്കൽ പുനരവലോകനം നടത്തുക. [6]ഇത് മാരകമായ ഒരു "മുറിവിന് കാരണമായേക്കാം [അതു] ഒരുപക്ഷെ മിക്ക റോമൻ പടയാളികളെയും പഠിപ്പിച്ചിരിക്കുവാനിടയുണ്ട് " (വില്ല്യം ഡി. എഡ്വേർഡ്സ്, വെസ്ലി ജെ. ഗാബേൽ, ആന്റ് ഫ്ലോയിഡ് ഈ. ഹോസ്മർ, "ഓൺ ദ ഫിസിക്കൽ ഡെത്ത് ഓഫ് ജീസസ് ക്രൈസ്റ്റ്," *ജേണൽ ഓഫ് ദ അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ* (21 മാർച്ച് 1986): 1460. [7]ആർ. സി. ഫോസ്റ്റർ, *സ്റ്റഡീസ് ഇൻ ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1971), 1286. [8]യേശുവിന്റെ അസ്ഥികൾ ഒടിക്കാതിരുന്നത് പെസഹക്കുഞ്ഞാടിനെ കുറിച്ചുള്ള പ്രവചന സാക്ഷാത്ക്കാരമാണ്. [9]വില്യം സ്ട്രൗഡ് തന്റെ *ദ ഫിസിക്കൽ കോസ് ഓഫ് ദ ഡെത്ത് ഓഫ് ക്രൈസ്റ്റ്* (ഫോസ്റ്റർ, 1285–86) എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതാണിത്. എഡ്വേർഡ്സ്, ഗാബേൽ ആന്റ് ഹോമെർ, 1463-ൽ പല വൈദ്യശാസ്ത്രപരമായ സാധ്യതകൾ പറയുന്നുണ്ട്. [10]ഒന്നു യോഹന്നാൻ 5:6, 8 പലവിധ വ്യാഖ്യാനങ്ങൾക്കും ഇരയായിട്ടുണ്ട്. യേശുവിന്റെ സ്നാനത്തെയാണ് ലേഖകൻ ഇവിടെ സൂചിപ്പിക്കുന്നത്, എന്നാൽ രക്തം സൂചിപ്പിക്കുന്നത് അവന്റെ മരണത്തെയാണ് (ജെ. ഡബ്ലിയു. റോബെർട്ട്സ്, *ദ ലെറ്റേഴ്സ് ഓഫ് ജോൺ*, ദ ലിവിങ്ങ് വേർഡ് കമെന്ററി സീരീസ്, എഡി. എവറെറ്റ് ഫെർഗൂസൻ [ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1968], 129–33).

[11]ഉയർത്തെഴുന്നേല്പിനെ തള്ളിക്കളയുന്ന ചിലരുടെ ആകർഷണീയമായ ആശയമാണ് യേശു ബോധരഹിതനായിരുന്നു എന്നത്. ആ സിദ്ധാന്തത്തെ "സ്വൂൺ തിയറി" എന്നാണ് സാധാരണ അറിയപ്പെടുന്നത്. [12]എഡ്വേർഡ്സ്, ഗോബേൽ, ആന്റ് ഹോമെർ, 1463. [13]"ഓഫ് ദ ജൂസ്" എന്ന പ്രയോഗം സാധാരണ വ്യാഖ്യാനിച്ചിട്ടുള്ളത് "യെഹൂദ്യയിൽ" എന്നാണ്. എൻഐവിയിൽ "യെഹൂദ്യൻ ടൗൺ" എന്നാണ്. [14]"യേശുവിന്റെ കാലത്തെ പാലസ്തീൻ" എന്ന ഭൂപടം നോക്കുക. ആ സ്ഥലത്തെ കുറിച്ച് ആൽഫ്രെഡ് എഡെർഷെയിമിന്റെ, *ദ ലൈഫ് ആന്റ് ടൈംസ് ഓഫ് ജീസസ് ദ മെസയ്യാ,* ന്യൂ അപഡേറ്റഡ് വെർഷനിൽ പറയുന്നുണ്ട് (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1993), 898. [15]*ക്രിസ്തുവിന്റെ ജീവിതം, 2* ലെ "ഞാൻ കുരുടനായിരുന്നു, എന്നാൽ ഇപ്പോൾ, കാണുന്നു" എന്ന പാഠം നോക്കുക. [16]ഇതിനർത്ഥം യേശുവിനെ മരണശിക്ഷക്കു വിധിച്ചപ്പോൾ യോസേഫ് അവിടെ ഉണ്ടായിരുന്നില്ല എന്നാണോ? അവൻ മനപ്പൂർവ്വം അവിടെ നിന്ന് മാറിയിരിക്കാം, അവന് വേറെ ജോലികൾ ചെയ്യുവാൻ ഉണ്ടായിരുന്നേക്കാം, അല്ലെങ്കിൽ ആ മീറ്റിങ്ങിന്റെ വിവരം അവനെ അറിയിച്ചിരിക്കയില്ല. അവൻ സന്നിഹിതനായിരുന്നെങ്കിലും വോട്ട് ചെയ്യാതെ പുറത്തു പോയിരിക്കാം. നമുക്ക് അറിയില്ല, പക്ഷെ യോസേഫ് യേശുവിനുവേണ്ടി സംസാരിച്ചില്ല എന്ന് തോന്നുന്നു. [17]ജെയിംസ് സ്റ്റോക്കർ, *ദ ട്രയൽ ആന്റ് ഡെത്ത് ഓഫ് ജീസസ് ക്രൈസ്റ്റ്* (ന്യൂയോർക്ക്: ഏ. സി. ആംസ്ട്രോങ്ങ് ആന്റ് സൺ, 1909), 310–11. [18]യോഹന്നാൻ 3:1–21 ന്റെ വ്യാഖ്യാനത്തിന് "എല്ലാറ്റിനും ഒരു ആദ്യസമയമുണ്ട്" എന്ന *ക്രിസ്തുവിന്റെ ജീവിതം, 1* ലെ പാഠം നോക്കുക. യോഹന്നാൻ 7:50–52, ന്റെ ചുരുങ്ങിയ വിവരണത്തിനു, *ക്രിസ്തുവിന്റെ ജീവിതം, 4* ലെ "യെരുശലേമിലേക്കുള്ള യാത്ര" എന്ന പാഠം നോക്കുക. [19]ജെ. ഡബ്ലിയു, മെക്ഗാർവേ ആന്റ് ഫിലിപ് വൈ. പെൻലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പൽസ്* (സിൻസിനാറ്റി:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 734. [20]യേശുവിനെ ക്രൂശിച്ച വിലങ്ങനെയുള്ള ക്രൂശിൽ നിന്നു യേശുവിനെ ഇറക്കിയിട്ടാണോ അതോ ക്രൂശിൽ വെച്ചു തന്നെയാണെ ആണി ഊരിയെടുത്തത് എന്ന് നമുക്ക് അറിയില്ല. യോസേഫ് ധനവാനായിരുന്നതുകൊണ്ട് ഈ പ്രവൃത്തികൾക്ക് അവനെ സഹായിക്കു

വാൻ ദാസന്മാർ ഉണ്ടായിരുന്നേക്കാം.

[21]തോട്ടത്തിന്റേയും കല്ലറയുടേയും സ്ഥാനം ഗൊൽഗോഥ എവിടെ ആണെന്നതനുസരിച്ചായിരിക്കും സ്ഥിതി ചെയ്യുന്നത്. ഇതിനെ കുറിച്ചുള്ള ചുരുങ്ങിയ വിവരണത്തിന്, *ക്രിസ്തുവിന്റെ ജീവിതം, 3* ലെ "വിജയം അല്ലെങ്കിൽ വിപത്ത്?" എന്ന പാഠം നോക്കുക. കല്ലറയുടെവിശദവിവരത്തിന്, ചരിത്രപരവും ഭൂഗർഭഗവേഷണപരവുമായ തെളിവുകൾക്ക്, ജോൺ മെക്റേ, *ആർക്യോളജി ആന്റ് ദ ന്യുടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ബേക്കർ ബുക്ക് ഹൗസ്, 1991), 206-17. [22]"ആരെയും അടക്കിയിട്ടില്ലാത്ത" എന്ന പ്രസ്താവന തെളിയിക്കുന്നത്, ഉയർത്തെഴുന്നേറ്റത് മറ്റാരുമല്ല എന്നാണെന്ന് പറയപ്പെടുന്നു. [23]അടുത്തുള്ള കുന്നിൻചെരിവിൽ കുഴിച്ചെടുത്ത ഒരു ചെറിയ കല്ലറയാകാം അത്. "പാറയിൽ തീർത്തത്" എന്നതുകൊണ്ട് അതിന് ഒരു പ്രവേശനമേ ഉണ്ടായിരുന്നുള്ളു എന്നു സൂചിപ്പിക്കുന്നു. [24]"അരിമഥ്യയിൽനിന്ന് അത്രയും ദൂരെ" യോസേഫ് കല്ലറ തീർത്തോ എന്ന് ചിലർ ചോദിച്ചേക്കാം. എന്നാൽ ഇതു ചിന്തിക്കുക: (1) "അരിമഥ്യക്കാരൻ" എന്ന് യോസേഫിനെ പറയുന്നതുകൊണ്ട് അവൻ അപ്പോഴും അവിടെ താമസിക്കണമെന്നില്ല. (യേശു നസറേത്തിൽ താമസിക്കാത്ത സമയത്തും അവനെ "നസറേത്തുകാരൻ" എന്നു വിളിച്ചിരുന്നു.) (2) യെരുശലേമിൽ അടക്കുന്നതിൽ അല്പം ദുരഭിമാനവും പുലർത്തിയിരുന്നേക്കാം. [25]യോഹന്നാൻ 19:42 ഉം 20:13 ഉം സൂചിപ്പിക്കുന്നത്, യോസേഫ് താല്ക്കാലികമായി യേശുവിനെ അവിടെ അടക്കിയിട്ട്, ശബ്ബത്തിനുശേഷം അവനെ യോജിച്ച സ്ഥലത്തേക്ക് മാറ്റുവാനുമായിരിക്കാം പദ്ധതിയിട്ടത്. ആങ്ങനെയാണ് എങ്കിൽ ക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പ് അവന്റെ പദ്ധതിയെ പൊളിച്ചു. [26]"ശീലകൾ പൊതിഞ്ഞിരുന്നു" എന്നാണ് യോഹാൻ 19:40 ഉം 20:5 ഉം പറയുന്നത് (എൻഐവിയിൽ "തുണ്ടുശീലകൾ" എന്നാണ്). യോസേഫ് വാങ്ങിയ ശീലകൾ (മർക്കൊസ് 15:46) ഇതിനായി ചെറിയ കഷണങ്ങളായി കീറിയതാകാം. അല്ലെങ്കിൽ സുഗന്ധവർഗമെല്ലാം പൂശി ശരീരം പെട്ടിയിലാക്കിയിട്ട് വിരിച്ചതാകാം ശീലകൾ. [27]എൻഎഎസ്ബിയിൽ "ഏതാണ്ട് നൂറു റാത്തൽ തൂക്കം വരുന്ന" എന്നാണ്, പക്ഷെ ഗ്രീക്ക് വേദഗ്രന്ഥത്തിൽ, നൂറ് *ലിറ്ററാസ്* എന്നാണ്. ഒരു ലിറ്ററാ എന്നത് ഏതാണ്ട് പന്ത്രണ്ട് ഔൺസാണെന്ന് മിക്ക അധികാരികളും സമ്മതിക്കും. അങ്ങനെ ആണെങ്കിൽ നൂറു ലിറ്റർ, എഴുപതു പൗണ്ട് വരും. എൻഐവിയിൽ "ഏതാണ്ട് എഴുപത്തി-അഞ്ചു പൗണ്ട് " എന്നാണ്. ഇത്രയും സുഗന്ധദ്രവ്യത്തിന് വളരെ വിലയുണ്ടാകുമെന്നതു സൂചിപ്പിക്കുന്നത് യോസേഫിനെപോലെ, നിക്കൊദേമോസും ധനവാനായിരുന്നു എന്നാണ്. മൂര് വിദ്വാന്മാർ യേശുവിന് കാഴ്ച്ചവെച്ച ഒന്നായിരുന്നു. ക്രൂശിൽ തറെക്കുന്ന കുറ്റവാളികൾക്ക് പുളിച്ച വീഞ്ഞിൽ കൊടുക്കുന്ന മരുന്നുമായിരുന്നു അത്. അകിൽ പുഷ്പിക്കുന്നതും മാംസളമായ ഇലകളുള്ളതുമായ ചെടിയാണ്. ഞാൻ താമസിക്കുന്ന സ്ഥലത്ത് ആ ഇലകളുടെ ചാർ ചൊറിച്ചിലിനും പൊള്ളലിനും മരുന്നായി ഉപയോഗിച്ചിരുന്നു. പുതിയനിയമകാലത്ത് ആ ഇലകൾ ഉണക്കി പൊടിച്ച് ഉപയോഗിച്ചിരുന്നു. ഉദാഹരണമായി മൂരും അകിലും സുഗന്ധം വമിക്കുന്നതിന് ഉപയോഗിച്ചിരുന്നതിന്, സങ്കീർത്തനങ്ങൾ 45:8 നോക്കുക. [28]ആ കല്ലുകൾ പരന്നതും വലുതുമായിരിക്കും (മദ്ധ്യത്തിൽ ദ്വാരമില്ലാത്ത വലിയ മൈൽക്കുറ്റികൾ പോലെ), അതിൽ ഉരുട്ടുവാനായി ചാലുകൾ കൊത്തിയിരിക്കും. ചാലുകൾ ചരിച്ച് കൊത്തുന്നതുകൊണ്ട് പുറത്തേക്ക് ഉരുട്ടുന്നതിനേക്കാൾ കല്ലറക്കരികിലേക്ക് ഉരുട്ടുവാൻ എളുപ്പമായിരിക്കും (മർക്കൊസ് 16:3 നോക്കുക). കല്ല് ഉരുട്ടുവാൻ യോസേഫിന് സഹായം ആവശ്യമെങ്കിൽ നിക്കൊദേമോസ് സഹായിച്ചു കാണും. ഒരുപക്ഷെ ദാസന്മാരും സഹായിച്ചുകാണും. [29]യേശു ഉയിർത്തെഴുന്നേറ്റശേഷം, യോസേഫിനും നിക്കൊദേമോസിനും എന്തു സംഭവിച്ചു? യേശുവിനെ അടക്കുവാൻ എല്ലാ സാഹസവും എടുത്തവർ ക്രിസ്ത്യാനികളായി തീർന്നിരിക്കുമെന്ന് നാം പ്രതീക്ഷിക്കും, വിശ്വാസത്തെ പ്രതിരോധിക്കുന്നതിൽ മുന്നിലായിരിക്കുമെന്നുമാണ്

കരുതുന്നത് – എന്നാൽ പുതിയനിയമം അതു പറയുന്നില്ല. പിന്നീട് ആളുകൾ അവരെ കുറിച്ച് പല ഇതിഹാസങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്, പക്ഷെ അവയെല്ലാം ഇതിഹാസങ്ങൾ മാത്രമാണ്. [30]ആ രണ്ടു സ്ത്രീകളോടുകൂടി ശലോമിയും (യാക്കൊബിന്റെയും യോഹന്നാന്റെയും അമ്മ) ക്രൂശിനടുത്തു നിന്നിരുന്നു (മർക്കൊസ് 15:40), എന്നാൽ അവൾ അവരോടുകൂടി കല്ലറയിലേക്ക് പോയില്ല. ഒരുപക്ഷെ അവൾ യേശുവിന്റെ അമ്മയെ ആശ്വസിപ്പിക്കുവാൻ മക്കളുടെ താമസസ്ഥലത്തേക്ക് പോയിക്കാണും.

[31]ബി.എസ്. ഡീൻ, "ആൻ ഔട്ട്ലൈൻ ഓഫ് ന്യുടെസ്റ്റമെന്റ് ഹിസ്റ്ററി," *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 1992): 30. [32]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യുടെസ്റ്റമെന്റ്* (ലിബർട്ടി, മോ.: ക്വാളിറ്റി പ്രസ്, 1963), 223. [33]നാം അവനെ കുറിച്ച് പറഞ്ഞേക്കാവുന്നതെല്ലാം, പിലാത്തൊസ് തന്റെ പ്രജകളോട് ആ മണിക്കൂറുകളിലെല്ലാം പറഞ്ഞു കാണും: അവൻ പ്രഭാതത്തിലായിരുന്നു യെഹൂദപ്രമാണിമാരൊടൊപ്പം ഇരുന്നത് (മർക്കൊസ് 15:1), പകൽ മുഴുവൻ അവർ അവന്റെ സദസ്യരായിരുന്നു (യോഹന്നാൻ 19:21, 31; മർക്കൊസ് 15:43), ഇരുട്ടിയശേഷവും അവൻ അവരോടൊപ്പം ഇരുന്നു. [34]"യോനായുടെ അടയാളവുമായി" ബന്ധപ്പെട്ട് യേശു ഗൂഢാർത്ഥത്തിലുപയോഗിച്ച "മൂന്നു നാൾ" (മത്തായി 12:39, 40) ആയിരിക്കാം യെഹൂദപ്രമാണിമാർ പറഞ്ഞത് (യോഹന്നാൻ 2:19). യെഹൂദപ്രമാണിമാർ യേശുവിന്റെ ഉപദേശം മറ്റു വിധത്തിലും കേട്ടിരിക്കാം. യേശു ശിഷ്യന്മാരെ പഠിപ്പിക്കുന്നത് ചിലർ കേട്ടിരിക്കാം, അല്ലെങ്കിൽ യൂദാ അവരോട് പറഞ്ഞിരിക്കാം. [35]"മൂന്നു ദിവസം കഴിഞ്ഞ്" എന്നതിന്റെ അർത്ഥം, "മൂന്നു ദിവസത്തിനുള്ളിലാണ്." ഇതിനെ കുറിച്ച് കൂടുതലറിയുവാൻ, ഈ പുസ്തകത്തിലുള്ള ''യേശു ഏതു ദിവസമാണ് മരിച്ചത്" എന്ന ലേഖനം നോക്കുക. [36]യേശു ഉയർത്തെഴുന്നേറ്റ ശേഷം, മഹാപുരോഹിതന്മാർ കാവൽക്കാർക്ക് കൈക്കൂലി കൊടുത്ത് സംഭവിച്ചതിനെ മറിച്ചുകളവാൻ കള്ളം പറയുന്നതിന് പ്രോൽസാഹിപ്പിച്ചു (മത്തായി 28:11–13), സംഗതി "നാടുവാഴിയുടെ ചെവിയിലെത്തിയാൽ" അവർക്ക് "കുഴപ്പം വരാതെ നോക്കിക്കൊള്ളാം" എന്നും അവർ പറഞ്ഞു (മത്തായി 28:14). ഇതിൽ കുഴപ്പമുണ്ടാകുന്നത് പ്രമാണിമാർക്കല്ല, കാവൽക്കാർക്കാണ് (ഫോസ്റ്റർ, 1310). [37]അവർ അതു തീർച്ചപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ, ആ പ്രവൃത്തികൾ മൊത്തത്തിൽ അർത്ഥശൂന്യമാകുമായിരുന്നു (ഇബിഡ്, 1311). [38]റിച്ചാർഡ് റോജേഴ്സ്, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ് ആന്റ് ഹിസ് ടീച്ചിങ്ങ്സ്* (ലബ്ബക്ക്, ടെക്സ്.: സൺസെറ്റ് ഇന്റർ നാഷ്ണൽ ബൈബിൾ ഇൻസ്റ്റിടുട്ട് എക്സ്റ്റേണൽ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, 1995), 101. [39]എത്ര പടയാളികളെ അതിന് ചുമതലപ്പെടുത്തി എന്ന് നമുക്ക് അറിയില്ല.ഒരാളായിരുന്നില്ല എന്നു നമുക്ക് അറിയാം (മത്തായി 28:4). രണ്ടിലധികം ഉണ്ടായിരുന്നു എന്നും നമുക്ക് അറിയാം (മത്തായി 28:11). ക്രൂശിൽ തറെക്കുന്നതിന് നാല് പേരെ ചുമതലപ്പെടുത്തിയിരുന്നു (യോഹന്നാൻ 19:23); ഒരുപക്ഷെ അത്രത്തോളം പേരെ ആയിരിക്കാം ആ ജോലിക്ക് ആക്കിയത്. ദിവസങ്ങളോളം കാവൽ നില്ക്കേണ്ടിവരുന്നതുകൊണ്ട് നാല് പടയാളികളുടെ കൂട്ടം മാറി മാറി അവരുടെ ഉത്തരവാദിത്തം നിർവ്വഹിച്ചിരിക്കും – അത്തരം ഒന്നാണ് പത്രൊസിന്റെ കാര്യത്തിൽ പറഞ്ഞിരിക്കുന്നത് (പ്രവൃത്തികൾ 12:4). [40]ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ, *എ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷിലേ: ബ്രോഡ്മാൻസ് പ്രസ്, 1961), 342.

[41]മർക്കൊസിന്റെ വാദം അവസാനിപ്പിക്കുന്നതിന്റെ ഭാഗമാണ് മർക്കൊസ് 16:9, അത് പിന്നീട് ചർച്ച ചെയ്യുന്നതാണ്. മർക്കൊസ് 16:9 എങ്ങനെയായാലും, പ്രാരംഭ സഭ മനസിലാക്കുകയും, വിശ്വസിക്കുകയും ചെയ്തിരുന്നു എന്ന് മിക്കവരും സമ്മതിക്കും. ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രമാണ് ക്രിസ്തു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ഉയർത്തെഴുന്നേറ്റു എന്നത്. പഴയനിയമത്തിൽ, ശബ്ബത്തായ ഏഴാം നാളായിരുന്നു "പ്രത്യേക" ദിവസം (പുറപ്പാട് 20:8–11). പുതിയനിയമത്തിൽ "പ്രത്യേക" ദിവസം "കർത്തൃ

ദിവസം" ആയ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളാണ് (വെളിപ്പാട് 1:10). ഈ ദിവസമാണ്, പ്രാരംഭസഭ ആരാധിക്കുവാൻ കൂടി വന്നത് (1 കൊരിന്ത്യർ 16:1, 2; പ്രവൃത്തികൾ 20:7). [42]മത്തായി 28:1-8 ലെ തുടർസംഭവങ്ങൾ സൂചിപ്പിക്കുന്നത്, സ്ത്രീകൾ കല്ലറയിലേക്ക് പോയപ്പോൾ ദൂതൻ കല്ലറയിൽനിന്നു കല്ല് ഉരുട്ടിനീക്കിയിരുന്നു എന്നാണ് പല എഴുത്തുകാരും വിശ്വസിക്കുന്നത് - കല്ലറ തുറക്കുന്നതിനു തൊട്ടുമുൻപ് യേശു ഉയർത്തെഴുന്നേറ്റു പോയിരുന്നു. ആ തീർപ്പ് ശരിയാണെങ്കിൽ, യേശു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ പ്രഭാതം പൊട്ടി വിടരുന്നതിനു മുമ്പ് ഉയർത്തെഴുന്നേറ്റു. [43]"റോമൻ കുരിശിൽ ആറു മണിക്കൂർ" എന്ന പാഠത്തിലെ ലൂക്കൊസ് 23:43 ന്റെ വിവരണം നോക്കുക. [44]ക്രിസ്തു വീണ്ടും വരുമ്പോൾ ജീവനോടെ ഇരിക്കുന്ന ഭൗതികശരീരങ്ങൾക്ക് രൂപാന്തരം സംഭവിച്ച് ആത്മീയശരീരങ്ങളായി മാറും (1 കൊരിന്ത്യർ 15:50-53; വാ. 42-44). ഏതാണ്ട് അതുപോലെ ആയിരിക്കാം യേശുവിന്റെ ശരീരത്തിനും സംഭവിച്ചത് (അവന് ഇപ്പോൾ അടച്ചിരിക്കുന്ന വാതിലിനകത്ത് കടക്കുവാൻ കഴിഞ്ഞു; യോഹന്നാൻ 20:19; എൻഐവി) ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "യേശുവിന്റെ ഉയിർത്തെഴുന്നേല്പ് ശരീരം" എന്ന പാഠം നോക്കുക. [45]റോബർട്ട് ഡങ്കൻ കൾവർ, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാൻഡ് റാപ്പിഡ്സ്, മൈക്ക്.: ബേക്കൽ ബുക്ക് ഹൗസ്, 1976), 267. [46]ഉയർത്തെഴുന്നേല്പിനെ കുറിച്ച് പറയുന്ന മിക്ക വാക്യങ്ങളിലും അവൻ മരിച്ചവരിൽനിന്ന് "ഉയർത്തെഴുന്നേറ്റു" എന്നാണ് (യോഗന്നാൻ 2:22; 21:14; റോമർ 4:25; 6:4; 8:34; 1 കൊരിന്ത്യർ 15:4) *ദൈവം* അവനെ "ഉയർപ്പിച്ചു" എന്ന് ഊന്നി പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 2:24; എംഫസിസ് മൈൻ). തന്റെ ഉയർപ്പിൽ താൻ *സജീവമായിരിക്കയും നിഷ്ക്രിയനാവുകയും* ചെയ്യുമെന്ന് അവൻ സൂചിപ്പിച്ചു (യോഹന്നാൻ 10:17, 18). ഉയർത്തെഴുന്നേല്പിലും പരിശുദ്ധാത്മാവ് ഒരു മുഖ്യ ഘടകമായിരുന്നു എന്ന് പൗലൊസ് സൂചിപ്പിച്ചതായി തോന്നുന്നു (റോമർ 8:11; 1:4). ഈ പ്രസ്താവനകളിൽ വൈപരീത്യമില്ല, കാരണം ദൈവികത്വത്തിലെ ഒരു വ്യക്തി ചെയ്യുമ്പോൾ, മറ്റുവ്യക്തികളും അതിനോട് യോജിക്കുകയാണ്. [47]കല്ലറയിലെ യേശുവിന്റെ ശരീരത്തിലെ ശീലകൾ ആരും അഴിക്കേണ്ടി വന്നില്ല (യോഹന്നാൻ 11:44 നോക്കുക), കാരണം യേശുവിന്റെ ശരീരത്തിന് മാറ്റം സംഭവിച്ചതുകൊണ്ട്, പിന്നീട് അടച്ചിട്ടവാതിലിനകത്തേക്ക് അവൻ കടന്നതുപോലെ, ആദ്യം ശീലകൾക്കുള്ളിലൂടെ അവൻ പുറത്തു കടന്നുകാണും (യോഹന്നാൻ 20:19, 26; എൻഐവി). അവന്റെ ഉയർത്തെഴുന്നേല്പിനെ കുറിച്ച് അധികമൊന്നും നമുക്ക് അറിയില്ല! നമ്മുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം നമ്മെ തൃപ്തിപ്പെടുത്തിയേക്കാം, എന്നാൽ അവ നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കയില്ല - അതുകൊണ്ട് ദൈവം അവ നല്കിയിട്ടില്ല. [48]പീറ്റർ മാർഷൽ, *ദ ഫസ്റ്റ് ഈസ്റ്റർ*, എഡി. കാത്ത്റീൻ മാർഷൽ (നുയോർക്ക്: മെക്ഗ്രാ-ഹിൽ കമ്പനി., 1959), 128-29. [49]താൻ കല്ലറയിൽനിന്നു പുറത്തുവന്നതിനെ യേശു വിവരിച്ചപ്പോൾ തന്റെ ആദ്യ പ്രത്യക്ഷത അവിശ്വാസികളായിരുന്ന കാവൽക്കായിരുന്നു എന്ന് സൂചിപ്പിക്കുന്നു. സുവിശേഷവിവരണങ്ങളനുസരിച്ച് അവൻ ആദ്യം പ്രത്യക്ഷനായത് മഗ്ദലക്കാരത്തി മറിയക്കായിരുന്നു (മർക്കൊസ് 16:9; യോഹന്നാൻ 20:1-18). [50]കാവൽക്കാരിൽ ചിലർ അവിടം വിട്ട് പോയപ്പോൾ, അവർ എന്തു ചെയ്തു എന്ന് മത്തായി 28:11-15 ൽ പറയുന്നുണ്ട്. ആ വേദഭാഗം നാം പിന്നെ പഠിക്കും.

[51]പഴയ തർജിമകളിൽ "ശബ്ബത്തിന്റെ അവസാനം" എന്നാണ് (കെജെവി നോക്കുക), അത് കല്ലറ-അടച്ചിരിക്കുമ്പോൾ തന്നെ രണ്ടു മറിയമാരും സന്ദർശിച്ചത് ശബ്ബത്തിൽ എന്ന് ചേർക്കുവാൻ ചിലരെ പ്രേരിപ്പിച്ചിട്ടുണ്ട്. "ശബ്ബത്തിനു ശേഷം" എന്നതാണ് ശരിയായ വ്യാഖ്യാനമെന്ന് മിക്ക ആധുനിക തർജിമക്കാരും പറഞ്ഞിരിക്കുന്നു (എൻകെജെവി, എൻഎഎസ്ബി, എൻഐവി നോക്കുക). [52]ഗലീലയിൽ യേശുവിനെ ശുശ്രൂഷിച്ച സ്ത്രീകളിൽ ഒരാളായിരുന്നു യോഹന്നാ (ലൂക്കൊസ് 8:3). [53]ഈ പാഠത്തിന്റെ രണ്ടാം

ഭാഗത്തിൽ നാം കാണുവാൻ പോകുന്നതുപോലെ, മഗ്ദലക്കാരത്തി മറിയ കല്ലറ കണ്ട ശേഷം, അവൾ പത്രൊസിനേയും യോഹന്നാനേയും വിളിക്കുവാനോടി. ദൂതൻ ആ സ്ത്രീകളോട് സംസാരിച്ചപ്പോൾ അവൾ ഇല്ലായിരുന്നു. [54]അവർ ശരീരം "പൊതിഞ്ഞ ശീലകൾ" കണ്ടിരിക്കാം (യോഹന്നാൻ 20:5), പക്ഷെ ശരീരം കണ്ടില്ല. [55]സുവിശേഷവിവരണങ്ങളിൽ പലപ്പോഴുമെന്നപോലെ, ഒരു വിവരണം *രണ്ട്* "പുരുഷന്മാർ" എന്നും (ലൂക്കൊസ് 24:4) മറ്റുള്ളവയിൽ *ഒരാൾ* എന്നുമാണ് (മർക്കൊസ് 16:5; മത്തായി 28:5). രണ്ടുപേർക്കും വേണ്ടി ഒരാൾ സംസാരിച്ചതാകാം. [56]അവൻ "പറഞ്ഞത്" മത്തായി 16:21; 17:23; 20:19; 26:32 നോക്കുക. ലൂക്കൊസ് 24:6, 7 ലെ ദൂതന്റെ പ്രസ്താവനയും രണ്ടിൽ ആദ്യത്തേതിൽ അടങ്ങിയിരിക്കുന്നതാണ്. [57]ഗലീലയിൽ വെച്ച് ശിഷ്യന്മാരെ കണ്ടുമുട്ടുമെന്ന് യേശു നേരത്തെ പറഞ്ഞിരുന്നു (മത്തായി 26:32). കാണുവാനിരിക്കുന്ന സ്ഥലവും സൂചിപ്പിച്ചിരുന്നു - ഒരു മലയിൽ (മത്തായി 28:16). ശിഷ്യന്മാരെ അവൻ പിന്നീട് ഗലീലയിൽ വെച്ചു കാണുമെന്ന് പറഞ്ഞതുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ടവരെ പെട്ടെന്ന് കാണുന്നത് ഒഴിവാക്കുവാൻ പാടില്ല. [58]ഒരു സമയത്ത്, യേശു ആ സ്ത്രീകൾക്ക് പ്രത്യക്ഷനായി (മത്തായി 28:9, 10), എന്നാൽ അവർ ശിഷ്യന്മാരുടെ അടുക്കലേക്ക് പോയപ്പോഴാണോ അതോ അവർ അവിടം വിട്ടുപോയപ്പോഴാണോ എന്നു നമുക്ക് അറിയില്ല. കൂടുതൽ വിവരങ്ങൾക്ക്, ഈ പുസ്തകത്തിൽ വരുന്ന "വിശ്വസിക്കുവാൻ പ്രയാസപ്പെട്ടു" എന്ന പാഠം നോക്കുക. [59]മർക്കൊസ് 16:8 ലെ "ഒന്നും മിണ്ടിയില്ല" എന്നതും ലൂക്കൊസ് 24:9 ലെ "വിവരിച്ചു" എന്നതും യോജിക്കുവാനുള്ള ഏകവഴി ദൂതൻ പറഞ്ഞവരോടല്ലാതെ അവർ മറ്റാരോടും ഒന്നും മിണ്ടില്ല എന്നതാണ്. [60]അപ്പൊസ്തലന്മാരെ സൂചിപ്പിച്ചാണ് "പതിനോരുവർ" (മഥിയാസിനെ തിരഞ്ഞെടുക്കുന്നതിന് മുൻപ്) എന്നു പറഞ്ഞിരിക്കുന്നത്, മുൻപ് "പന്തിരുവർ" എന്നു പറഞ്ഞതും "അപ്പൊസ്തലന്മാരെയാണ്" (മർക്കൊസ് 14:17).

[61]സ്തീകൾ അപ്പൊസ്തലന്മാരെ വിവരം ധരിപ്പിച്ചപ്പോൾ, ക്ലെയോപ്പാവും സന്നിഹിതനായിരുന്നു (ലൂക്കൊസ് 24:22, 23) അവർ പറഞ്ഞു, "ഞങ്ങളുടെ കൂട്ടത്തിൽ ചില സ്ത്രീകൾ കല്ലറക്കൽ പോയി അവന്റെ ശരീരം കാണാതെ മടങ്ങിവന്നു അവൻ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞ ദൂതന്മാരുടെ ദർശനം കണ്ടു എന്നു പറഞ്ഞു" (ലൂക്കൊസ് 24:24). ഇതിനർത്ഥം സ്ത്രീകൾ ധരിപ്പിച്ചവരിൽ ചിലർ കല്ലറക്കൽ പോയി, എന്നാൽ ഇത് പത്രൊസും യോഹന്നാനും ശൂന്യമായ കല്ലറയിലേക്ക് പോയ സംഭവത്തെ ലൂക്കൊസ് വിവരിക്കുന്നതാണ് (യോഹന്നാൻ 20:1-10). [62]ഹെസ്റ്റർ, 225.